ശമ്പളപരിഷ്കാരം.

147. [24] ശ്രീ. ടി. പി. സീതാരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പിൽ വരുത്തുവാനുദ്ദേശിക്കുന്ന ശമ്പളപരിഷ്കരണത്തിൽ, കമ്മേഴ്സ്യൽ അദ്ധ്യാപകന്മാരുടെ ശമ്പളം കുറച്ചിട്ടുണ്ടെന്നു ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) പരിഷ്കരണം നടപ്പിൽ വരുത്തുമ്പോൾ എല്ലാ വിഭാഗത്തിനേറയും അവകാശം സംരക്ഷിക്കുവാനും, ശമ്പളം ഏകീകരിക്കുവാനും ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം.

(എ) കമ്മേഴ്സ്യൽ അദ്ധ്യാപകന്മാരുടെ ശമ്പളം കുറച്ചിട്ടില്ല.

(ബി) പ്രസ്തുത പ്രശ്നങ്ങൾ ഗവണ്മെൻറ് പരിഗണിക്കുവാനുദ്ദേശിക്കുന്ന "പേക്കമ്മീഷ"ന്റെ പരിശോധനയ്ക്കു വിധേയമാകുന്നതാണ്.

റൂറൽ ഇലക്ട്രിഫിക്കേഷൻ പദ്ധതി.

148. [26] ശ്രീ. ഇടിക്കുള ഇടിക്കുള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റൂറൽ ഇലക്ട്രിഫിക്കേഷൻ പദ്ധതി അനുസരിച്ച് റാന്നിയിൽ ഇലക്ട്രിക്ക് തൂണുകൾ നാട്ടി, കമ്പി വലിച്ചിട്ട്. എത്ര മാസങ്ങളായി;

(ബി) അവിടെ കറൻറ് സപ്ലൈ ചെയ്യാനുള്ള കാലതാമസത്തിന് കാരണമെന്ത്;

(സി) ഉടനെതന്നെ അവിടെ കറൻറ് സപ്ലൈ ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം.

(എ) ഒരു വർഷം.

(ബി) വയറിന്റെ കുറവുമൂലം ലൈൻ ജോലി പൂർത്തിയാകാത്തതുകൊണ്ട്.

(സി) കഴിയുന്നത്ര വേഗം പ്രസ്തുത കേന്ദ്രം വൈദ്യുതീകരിക്കപ്പെടുന്നതാണ്.

ഇലക്ട്രിക്ക് ലൈൻ.

149. [27] ശ്രീ. ഇടിക്കുള ഇടിക്കുള : താഴെ കാണുന്ന ചോദ്യത്തിന് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

റാന്നി, പെരുനാട്ടിലും, വടശ്ശേരിക്കരയിലും ഇലക്ട്രിക്ക് ലൈൻ നീട്ടുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നത്തേക്ക് ലൈൻ നീട്ടും?

ഉത്തരം.

പ്രസ്തുത ജോലിക്കു വേണ്ട വരുന്ന മുതൽ മുടക്കിനനുസരണമായി വരവ് പ്രതീക്ഷിക്കുന്നില്ല. അതുകൊണ്ട് ഈ കാര്യം ഇപ്പോൾ പരിഗണിക്കുക സാദ്ധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly